-49-

DESPATCHED
On. 08/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1542*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6507**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രാജേന്ദ്രൻ പി.വി.,
'RAM', ചിറയ്ക്കൽ പി.ഒ.,
കണ്ണൂർ – 11, പിൻ – 670 001. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വളപ്പട്ടണം പോലീസ് സ്റ്റേഷൻ,
വളപ്പട്ടണം – 670 018.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.05.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 21.06.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 23.06.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.05.2019 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.വി.രാജേന്ദ്രൻ,

21.06.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 23.06.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1542(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 12.03.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, വളപ്പട്ടണം P.S.Cr.No.1292/2015 u/s 447, 427 IPC dt 16/9/2015 രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 3 ഇനങ്ങളിലും രണ്ട് ഉപയിനങ്ങളിലുമായിള്ള വിവരങ്ങളാണ്. ആയതിന് മറുപടി ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 14.05.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അന്വേഷണാവസ്ഥയിലുള്ള Cr.No.1292/2015 കേസിലെ വിവരങ്ങൾ ആയതിനാൽ വിവരാവകാശ നിയമം 8(1)(h) പ്രകാരം അനുവദിക്കാവുന്നതല്ല എന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 27.05.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരൻ 12.03.2018ൽ വിവരാവകാശ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ലെന്നും ടിയാൻ ആവശ്യപ്പെട്ട ഫയലിന്മേൽ അന്വേഷണം നടന്നുവരുകയാണെന്നും ടിയാന്റെ ഹർജിയിൽ പ്രതിപാദിച്ചിരുന്ന കേസ്സിന്മേൽ ഇപ്പോഴും അന്വേഷണം തുടർന്നുവരികയാണെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ 12.03.2018ലെ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നില്ല. അപേക്ഷ ലഭ്യമായിട്ടില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നില്ല. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേ

ണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2019 നവംബർ 15–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

DESPATCHED
On.16/2/23.

Scanned

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**A.P.1542(2)/2018/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.6507/SIC-G6/2018**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാജേന്ദ്രൻ പി.വി.,
RAM, ചിറയ്ക്കൽ പി.ഒ.,
കണ്ണൂർ-670011, } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വളപ്പട്ടണം പോലീസ് സ്റ്റേഷൻ,
വളപ്പട്ടണം-670 018

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
കണ്ണൂർ } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2019 നവംബർ മാസം 15-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. മഹേഷ് പി.പി. നൽകിയ വിശദീകരണം തൃപ്തികരമല്ല. ഹർജിക്കാരന്റെ 12.03.2018 ലെ 6(1) വകുപ്പ് പ്രകാരമുള്ള അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയതായി കാണുന്നില്ല. അപേക്ഷ തനിക്ക് ലഭിച്ചിട്ടില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നില്ല. അതിനാൽ ടിയാനെ ശിക്ഷിക്കുവാനും, ശിക്ഷയായി 11,500/- രൂപ (പതിനൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) പിഴയിനത്തിൽ ശ്രീ. മഹേഷ് പി.പി. -യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

(മറുപുറം)

RIGHT TO INFORMATION

ast

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. മഹേഷ് പി.പി. 11,500/- രൂപ (പതിനൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്ന് പടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതും, ടി വിവരം കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2023 ജനുവരി മാസം 31–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

dp

DESPATCHED On. 9/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561629, 2561632 ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP No.1542(2)/2018/*എസ്.ഐ.സി.***

**File No.6507/SIC-G6/2018**

സന്നിഹിതൻ

ഡോ. കെ.എൽ. വിവേകാനന്ദൻ സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| 1. ശ്രീ. രാജേന്ദ്രൻ പി.വി.,<br>RAM, ചിറയ്ക്കൽ പി.ഒ.,<br>കണ്ണൂർ-670011 | ഹർജിക്കാരൻ |
| Vs | |
| 2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>വളപ്പട്ടണം പോലീസ് സ്റ്റേഷൻ,<br>വളപ്പട്ടണം-670 018<br><br>3. അപ്പീൽ അധികാരി &<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ<br>കാര്യാലയം, കണ്ണൂർ | എതിർകക്ഷികൾ |

## *തിരുത്തൽ ഉത്തരവ്*

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.വി. രാജേന്ദ്രൻ സമർപ്പിച്ച മേൽ നമ്പർ അപ്പീൽ ഹർജി തീർപ്പാക്കി 2023 ജനുവരി മാസം 31-ാം തീയതി പുറപ്പെടുവിച്ച കമ്മീഷൻ ഉത്തരവിലെ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര് "മഹേഷ് പി.പി." എന്നത് "കൃഷ്ണൻ എം." എന്ന് തിരുത്തി വായിക്കേണ്ടതാണ്. ഈ തിരുത്തൽ ഉത്തരവ് 2023 ഫെബ്രുവരി മാസം 23-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. കെ.എൽ. വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

(sd/-)

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION